പാഠഭാഗം കഥ പറയുന്ന രീതിയിൽ അവതരിപ്പിക്കുക.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

※ **പട്ടിക പൂർത്തിയാക്കാം:**

- പതുക്കെ + പതുക്കെ → പതുക്കെപ്പതുക്കെ
- വഴി + അരികിൽ → വഴിയരികിൽ
- നില + ഉറപ്പിച്ചു → നിലയുറപ്പിച്ചു
- ശക്തൻ + ആണ് → ശക്തനാണ്
- മര + ചുവട് → മരച്ചുവട്

※ **ഈ കഥയിൽനിന്ന് മനസ്സിലായത്...:**

- യഥാർത്ഥ ചങ്ങാതിമാർ തമ്മിൽ അനാവശ്യമായി പന്തയം വയ്ക്കരുത്.
- സ്വന്തം ദ്രോഹത്തിന് സ്വയം വഴിയുണ്ടാക്കരുത്. വടികൊടുത്ത് അടിവാങ്ങരുത്.
- അമിതമായ ആത്മവിശ്വാസം ആപത്ത്.
- ആവശ്യമില്ലാത്ത മത്സരത്തിന് മുതിരരുത്.

※ **അടിക്കുറിപ്പ് തയ്യാറാക്കുക:**

- യഥാർത്ഥ ചങ്ങാതിമാർ
- ആമയുടെ വിജയം

※ **ശീർഷകം കണ്ടെത്താം:**

- അർത്ഥപൂർണ്ണമായിരിക്കണം.
- ഹ്രസ്വമായിരിക്കണം.
- ആകർഷകമായിരിക്കണം.
- ആശയം ഉൾക്കൊള്ളുന്നതാകണം.



- → മുയലിനു പറ്റിയ അമളി
- → ആമയുടെ വിജയം
- → യഥാർത്ഥ വിജയം
- → ഓട്ടമത്സരം

※ **ചോദ്യങ്ങൾ തയ്യാറാക്കാം:**

- എവിടെവച്ചാണ് മുയൽ ആമയെ കണ്ടുമുട്ടിയത്?
- മുയലിന് എന്താണ് തോന്നിയത്?
- ആമ തോൽക്കുമെന്ന് മുയലിനറിയാം. കാരണമെന്ത്?
- അങ്ങനെ കിടന്ന് കിടന്ന് ഉറങ്ങിപ്പോയി. ആര്? എപ്പോൾ?

### അഭ്യാസപുസ്തകം

※ **മാതൃകപോലെ എഴുതാം:**

- കണ്ടു → കാണുന്നു, കാണും
- ഇളകി → ഇളകുന്നു, ഇളകും
- വന്നു → വരുന്നു, വരും
- നിന്നു → നിൽക്കുന്നു, നിൽക്കും

## പാഠം 10 കുട്ടിയും അമ്മയും

### പഠനലക്ഷ്യങ്ങൾ

※ കവിത ഈണവും താളവും കണ്ടെത്തുന്നു.
※ ആശയം ഗ്രഹിക്കുന്നു.
※ ഗ്രഹിച്ച കാര്യങ്ങൾ വിശദമായി പറയുന്നു.
※ കഥാരൂപത്തിലാക്കുന്നു.
※ സംഭാഷണം തയ്യാറാക്കുന്നു.
※ ചിത്രം നോക്കി കഥ പറയുന്നു.
※ ആസ്വാദനം/കഥ തയ്യാറാക്കുന്നു.

## ആമുഖം

- ഒരു ചാർട്ടിൽ പൂന്തോട്ടത്തിന്റെ ചിത്രം പ്രദർശിപ്പിക്കുക.
- നിങ്ങളുടെ പൂന്തോട്ടത്തിൽ കാണുന്ന കാഴ്ചകൾ എന്തെല്ലാം?
- പൂന്തോട്ടത്തിൽ കാണുന്ന കാഴ്ചകൾ - പൂക്കൾ, പൂമ്പാറ്റകൾ, സാമ്യങ്ങൾ, വ്യത്യാസങ്ങൾ - കുട്ടികൾ കണ്ടെത്തട്ടെ.
- പാഠഭാഗം ഈണത്തിൽ ചൊല്ലുന്നു.
- കുട്ടികൾ താളത്തിൽ ഉറക്കെ ചൊല്ലുന്നു.
- കവിതയുടെ ആശയം കണ്ടെത്തിപറയുന്നു/എഴുതുന്നു.
- ചിത്രം നോക്കിപ്പറയാം.
  - → പാഠപുസ്തകത്തിലെ ചിത്രത്തിൽ കാണുന്നതെന്ത്?
  - → അമ്മയും കുട്ടിയും തമ്മിൽ സംസാരിക്കുന്നത് എന്തെല്ലാം?
  - → പൂന്തോട്ടത്തിൽ എന്തൊക്കെ കാണുന്നു?

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തിപ്പറയാൻ അധ്യാപിക കുട്ടികളെ സഹായിക്കണം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

- **വരികൾ കണ്ടെത്താം**:
  - 'നാമിങ്ങറിയുവതല്പം- എല്ലാ
    മോമനേ, ദൈവസങ്കല്പം!'
  - 'ആകാത്തതിങ്ങനെ എണ്ണീ, ചുമ്മാ
    മാഴ്കൊല്ലായെന്നോമലുണ്ണീ!'



- **ഉത്തരങ്ങൾ**:
  1. പൂമ്പാറ്റകളോടൊത്ത് കളിക്കാനാണ് കുട്ടിയുടെ ആഗ്രഹം.
  2. പിച്ചകത്തിന് നടക്കാൻ പോലും കഴിയില്ല എന്നാണ് അമ്മ പിച്ചകത്തെപ്പറ്റി പറഞ്ഞത്.
  3. കുട്ടിക്ക് പൂമ്പാറ്റകളോടൊത്ത് പറന്നു കളിക്കാൻ കഴിയാത്തതുകൊണ്ടാണ് ഉണ്ണി കരഞ്ഞത്.
- **സമാനതകൾ കണ്ടെത്താം**:

  പൂക്കളും പൂമ്പാറ്റകളും ചിത്രം വരയ്ക്കാം; നിറം നൽകാം.
  - പല നിറങ്ങളുണ്ട്.
  - ആകൃതിയിൽ വ്യത്യസ്തമാണ്.
  - കാണാൻ മനോഹരമാണ്.
  - ആകർഷകമാണ്.
  - ഒന്നാണെന്നു തോന്നും.
- **താരാട്ടുപാട്ടുകൾ**:
  - പാഠപുസ്തകം നോക്കുക.
- **കവിപരിചയം**:
  - പാഠപുസ്തകം നോക്കുക.
- **ആസ്വാദനം തയ്യാറാക്കുക**:
  - കവിതയുടെ ആശയം കണ്ടെത്തുക.
  - കവിയെ പരിചയപ്പെടുത്തുക.
  - ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തുക.
  - ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാം?
  - കുഞ്ഞിന്റെ സംശയങ്ങൾ എന്തെല്ലാം?
  - കുഞ്ഞിന്റെ സംശയങ്ങളെപറ്റിയുള്ള നിങ്ങളുടെ

അഭിപ്രായം എന്ത്?

- അമ്മയുടെ മറുപടി എന്തായിരുന്നു?
- 'എല്ലാമോമനേ, ദൈവസങ്കല്പം' - ആശയം എന്ത്? ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്തി ക്രമീകരിച്ചെഴുതുക.

**അഭ്യാസപുസ്തകം**

✳ **ശരിയായ ഉത്തരം:**

- പൂക്കൾ
- കരയരുത്
- കുമാരനാശാൻ

## പാഠം 11 കഥകളി

### പഠനലക്ഷ്യങ്ങൾ

✳ ലഘുവിവരണങ്ങൾ തയ്യാറാക്കുക.

✳ തന്നിരിക്കുന്ന വിഷയത്തെ ആസ്പദമാക്കി ലേഖനം പ്രസംഗം തയ്യാറാക്കുക.

✳ കഥകളിയുടെ പൂർണവിവരം കണ്ടെത്താൻ ശ്രമിക്കുന്നു.

✳ കഥകളിയുടെ ചടങ്ങുകൾ, വേഷങ്ങൾ, വാദ്യോപകരണങ്ങൾ →ആൽബം തയ്യാറാക്കുന്നു.

### ആമുഖം

✳ കേരളത്തിലെ ക്ലാസ്സിക് നൃത്തരൂപങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ദൃശ്യകലാരൂപമാണ് കഥകളി.

✳ ആട്ടം, പാട്ട്, അഭിനയം, വാദ്യം, സാഹിത്യം, ചിത്രകല മുതലായ മിക്ക അടിസ്ഥാനകലകളും കഥകളിയിൽ ചേർന്നുനിൽക്കുന്നു.

✳ കഥകളിയുടെ ചിത്രങ്ങൾ അധ്യാപിക കുട്ടികളുടെ മുൻപിൽ പ്രദർശിപ്പിക്കുക.

✳ കുട്ടികൾക്ക് കഥകളിയെക്കുറിച്ചറിയാവുന്ന വിവരണങ്ങൾ കണ്ടെത്തട്ടെ.



✳ കഥകളിയെപറ്റി ഒരു ലഘുവിവരണം തയ്യാറാക്കാൻ അധ്യാപിക കുട്ടികളെ വിവിധസംഘങ്ങളായി തിരിയ്ക്കണം.

✳ പാഠഭാഗം വായിക്കുക. പ്രധാനവിവരങ്ങൾ കണ്ടെത്തി അടിവരയിടുക. പുസ്തകത്തിലേക്ക് എടുത്തെഴുതാൻ നിർദ്ദേശിക്കാം. അല്ലെങ്കിൽ പാഠഭാഗത്തെ ആസ്പദമാക്കി ചോദ്യങ്ങളും ഉത്തരങ്ങളും തയ്യാറാക്കട്ടെ.

✳ പാഠഭാഗത്തേയ്ക്ക് കടക്കുന്നതിനുമുൻപ് കഥകളി, കേരളകലാമണ്ഡലം തുടങ്ങിയവ സ്മാർട്ട് ക്ലാസ്സിന്റെ സഹായത്തോടെ കുട്ടികൾക്ക് മുൻപിൽ അവതരിപ്പിക്കാം.

### പ്രസംഗം തയ്യാറാക്കാം:

- 'കഥകളി - ഒരു ക്ലാസ്സിക് കലാരൂപം'

സൂചകങ്ങൾ:

1. ആമുഖം നോക്കുക.
2. കൃഷ്ണനാട്ടം, രാമനാട്ടം, കഥകളി എന്നിങ്ങനെയൊരു ക്രമമാണ് കഥകളിയുടെ വളർച്ചയിൽ കാണുന്നത്.
3. കഥകളിയിലെ പ്രധാനവേഷങ്ങൾ:
   - പച്ച
   - കത്തി
   - കരി
   - മിനുക്ക്
4. കഥകളിയിലെ ചടങ്ങുകൾ:
   - കേളികൊട്ട്
   - അരങ്ങുകേളി
   - വന്ദനശ്ലോകം
   - മേളപ്പദം
   - പുറപ്പാട്
   - കഥാരംഭം

മുകളിൽ കൊടുത്തിരിക്കുന്ന സൂചനകളുടെ സഹായത്തോടെ ലഘുവിവരണം തയ്യാറാക്കാം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✳ **സമാനപദങ്ങൾ**:

- പ്രശസ്തം = പ്രസിദ്ധം
- അണിയറ = നടൻമാർ വേഷം കെട്ടുന്ന സ്ഥലം
- പ്രയത്നിക്കുക = പരിശ്രമിക്കുക
- കീർത്തി = പ്രസിദ്ധി, പ്രശസ്തി
- പുഴ = നദി, തടിനി
- രാജാവ് = അരചൻ, നൃപൻ
- മഹർഷി = സന്യാസി, ഋഷി

✳ **ഒറ്റപദം**:

- ദൂതുമായി പോകുന്നവൻ : ദൂതൻ
- അണിയാനുള്ള അറ : അണിയറ

✳ **ഉചിതമായവ യോജിപ്പിക്കുക**:

- രാമനാട്ടം : കൊട്ടാരക്കരത്തമ്പുരാൻ
- കലാമണ്ഡലം : ചെറുതുരുത്തി
- ആട്ടവിളക്ക് : അറുപത്തിനാലുതിരി
- ആട്ടക്കഥ : ഉണ്ണായിവാര്യർ

✳ **പൂരിപ്പിക്കുക**:

- കേരളം
- കേളികൊട്ട്
- പച്ച
- ഭാരതപ്പുഴ

✳ **പഞ്ചവാദ്യം**:

- മദ്ദളം
- തിമില
- ഇടയ്ക്ക
- കൊമ്പ്
- ഇലത്താളം



✳ **വാക്യരചന**:

- പ്രചാരം നൽകുക: കഥകളിക്ക് _പ്രചാരം നൽകിയത്_ കേരളകലാമണ്ഡലം എന്ന സ്ഥാപനമാണ്.
- ലോകമെമ്പാടും: _ലോകമെമ്പാടും_ അറിയപ്പെടുന്ന മഹാനാണ് ഗാന്ധിജി.

✳ **ആൽബം തയ്യാറാക്കാം**:

- പഞ്ചവാദ്യം
- കഥകളിവേഷങ്ങൾ
- കേരളകലാമണ്ഡലം
- വള്ളത്തോൾ
- കഥകളി - അവതരണം

എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിക്കുക. ആൽബം തയ്യാറാക്കുക.

✳ **ഉത്തരങ്ങൾ**:

1. കഥകളി വേഷങ്ങളെ പച്ച, കത്തി, കരി, മിനുക്ക് എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.
   - പച്ചവേഷം: നന്മനിറഞ്ഞ കഥാപാത്രങ്ങൾ
   - കത്തിവേഷം: രാക്ഷസൻമാരും, അസുരൻമാരും
   - മിനുക്ക്: സ്ത്രീകഥാപാത്രങ്ങൾക്കും, മഹർഷിമാർക്കും.
   - കരിവേഷം: കാട്ടാളൻമാർ, രാക്ഷസികൾ
2. കഥകളിക്കുവേണ്ടി എഴുതിയിട്ടുള്ള സാഹിത്യകൃതികളെ ആട്ടക്കഥ എന്നുപറയുന്നത്.
3. ചെണ്ട, ചേങ്കില, മദ്ദളം, ഇലത്താളം എന്നീ വാദ്യങ്ങളാണ് കഥകളിയിൽ ഉപയോഗിക്കുന്നത്.
4. കഥകളിയുടെ വളർച്ചയ്ക്കുവേണ്ടി സ്ഥാപിക്കപ്പെട്ട ഒരു കലാകേന്ദ്രമാണ് കേരളകലാമണ്ഡലം. ഭാരതപ്പുഴയുടെ തീരത്ത് ചെറുതുരുത്തിയിൽ മഹാകവി വള്ളത്തോൾ നാരായണമേനോനാണ് സ്ഥാപിച്ചത്.

## അഭ്യാസപുസ്തകം

※ **ഒറ്റവാക്കിൽ ഉത്തരം:**

- മഹാകവി വള്ളത്തോൾ നാരായണമേനോൻ.
- ആട്ടക്കഥ
- കൃഷ്ണനാട്ടവും രാമനാട്ടവും
- അസുരൻമാർക്കും രാക്ഷസൻമാർക്കും നൽകുന്ന വേഷം.

※ **അർത്ഥം:**

- പൂർവ്വം = മുമ്പ്, പണ്ട്
- കീർത്തി = പ്രശസ്തി

## പാഠം 12 ആളെക്കൊല്ലി

### പഠനലക്ഷ്യങ്ങൾ

※ ഐതിഹ്യകഥകൾ മനസ്സിലാക്കുന്നു.

※ വായിച്ച ഭാഗത്തിനെ ആസ്പദമാക്കി നാടകം രചിക്കുന്നു.

※ കഥാപാത്രനിരൂപണം

※ സംഭാഷണം തയ്യാറാക്കുന്നു.

※ അത്യാഗ്രഹം ആപത്ത് തിരിച്ചറിയുന്നു.

※ സമ്പത്തിനോടുള്ള മോഹം ബന്ധുത്വത്തെ തകർക്കുന്നു.

### ആമുഖം

※ മധുസൂദനൻനായരുടെ നാറാണത്തുഭ്രാന്തൻ എന്ന കവിതയിലെ ആദ്യത്തെ വരികൾ അധ്യാപിക ഉറക്കെ ചൊല്ലട്ടെ. (കവിത കേൾപ്പിക്കട്ടെ)

'പന്ത്രണ്ടുമക്കളെപ്പെറ്റൊരമ്മേ!
നിന്റെ മക്കളിൽ ഞാനാണു ഭ്രാന്തൻ...'

※ പന്ത്രണ്ടുമക്കളെ പ്രസവിച്ച അമ്മ?



※ പന്ത്രണ്ടുമക്കൾ ആരെല്ലാം?

※ അവർ ഏതുപേരിൽ അറിയപ്പെടുന്നു?

ഈ ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്താൻ അധ്യാപിക കുട്ടികളെ സഹായിക്കണം.

### കഥ

※ സുപ്രസിദ്ധ ജ്യോതിശാസ്ത്രപണ്ഡിതനായ വരരുചിക്ക് ഒരു ചണ്ഡാലസ്ത്രീയിൽ 12 മക്കൾ ജനിച്ചു. അവർ പറയിപെറ്റ പന്തിരുകുലം എന്ന പേരിൽ അറിയപ്പെടുന്നു. അവരിൽ ഒരാളാണ് പാക്കനാർ.

1. അഗ്നിഹോത്രി
2. രജകൻ
3. ഉളിയന്നൂർ തച്ചൻ
4. വായിലാകുന്നിലപ്പൻ
5. വള്ളോൻ
6. കാരയ്ക്കലമ്മ
7. വടുതലനായർ
8. ഉപ്പുകൂറ്റൻ
9. പാണനാർ
10. നാരായണഭ്രാന്തൻ
11. അകവൂർചാത്തൻ
12. പാക്കനാർ

※ ഇവരിൽ ഒരാളായ പാക്കനാരുമായി ബന്ധപ്പെട്ട ഒരു കഥയാണ് ആളെക്കൊല്ലി.

※ പാക്കനാരുമായി ബന്ധപ്പെട്ട സമാനകഥ ക്ലാസ്സിൽ അവതരിപ്പിച്ചുകൊണ്ട് പാഠഭാഗത്തേയ്ക്ക് കടക്കാം.

### പതിവ്രതയായ പത്നി

പാക്കനാരുടെ ഭാര്യ പതിവ്രതയായിരുന്നു. പറയിപെറ്റ പന്തിരുകുലത്തിലെ 12 പേരിൽ വായിലാക്കുന്നിലപ്പൻ ഒഴിച്ച ശേഷം 11പേരും അച്ഛൻ വരരുചിയുടെ ശ്രാദ്ധം കഴിക്കുന്നതിന് അഗ്നിഹോത്രിയുടെ ഇല്ലത്ത് കൂടുകയാണ് പതിവ്. അങ്ങനെ ഒരിക്കൽ എല്ലാവരുംകൂടി അവിടെകൂടി ശ്രാദ്ധം കഴിച്ചതിന്റെ ശേഷം 11പേരും ഒരു സ്ഥലത്ത് ഭക്ഷണത്തിനിരുന്നു. അഗ്നിഹോത്രിയുടെ അന്തർജനം പാക്കനാർ (പറ

യൻ) ഉൾപ്പെട്ട സദസ്സിനു വിളമ്പിക്കൊടുക്കാൻ വിസമ്മതിച്ചു. അഗ്നിഹോത്രി വളരെ നിർബന്ധിച്ചപ്പോൾ അന്തർജനം ഒരു കുടയുമെടുത്ത് ആ സ്ഥലത്തേക്കു വന്നു. കുടയുടെ ആവശ്യമെന്താണെന്ന് പാക്കനാർ ചോദിച്ചു. അത് പതിവ്രതാധർമ്മമാണെന്ന് അഗ്നിഹോത്രി മറുപടി പറഞ്ഞു. ബ്രാഹ്മണികൾക്ക് പാതിവ്രത്യം ഇല്ലെന്നും ചണ്ഡാലസ്ത്രീക്കേ പാതിവ്രത്യം ഉള്ളുവെന്നും പാക്കനാർ വാദിച്ചു. ചണ്ഡാലസ്ത്രീയുടെ പാതിവ്രത്യം ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിവേണ്ടി പാക്കനാർ അഗ്നിഹോത്രിയെ വിളിച്ചുകൊണ്ട് സ്വഗൃഹത്തിലേക്ക് പോയി.

അവിടെ എത്തിയ ഉടനെ പാക്കനാർ ഭാര്യയെ വിളിച്ച് അവിടെ എത്ര നെല്ല് ഇരിപ്പുണ്ട്? എന്നു ചോദിച്ചു. അഞ്ചിടങ്ങഴി ഉണ്ടെന്ന് ഭാര്യ ഉത്തരം പറഞ്ഞു. പകുതി നെല്ലെടുത്തു കുത്തി അരിയാക്കി കൊണ്ടുവരാൻ പാക്കനാർ ഭാര്യയോട് ആജ്ഞാപിച്ചു. ഭാര്യ തൽക്ഷണം പോയി നെല്ലു കുത്തി അരിയാക്കി വച്ച് ചോറു കൊണ്ടുവന്നു. അപ്പോൾ പാക്കനാർ ആ ചോറ് ആ കുപ്പയിലിട്ടേക്ക് എന്നു പറഞ്ഞു. അവൾ ഒട്ടും മടിക്കാതെ അങ്ങനെ തന്നെ ചെയ്തു. ഉടനെ പാക്കനാർ ശേഷമിരിക്കുന്ന നെല്ലും കുത്തി അരിയാക്കി കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. പാക്കനാരുടെ നിർദ്ദേശമനുസരിച്ച് ആ ചോറും കുപ്പയിൽ എറിയപ്പെട്ടു. ദരിദ്രനായ പാക്കനാരുടെ ഭാര്യ അന്നു പട്ടിണി കിടന്നു.

അടുത്തദിവസം രാവിലെ അഗ്നിഹോത്രിയും പാക്കനാരും കൂടി അഗ്നിഹോത്രിയുടെ ഇല്ലത്തെത്തി. ഉടനെ പാക്കനാർ താൻ ചെയ്യിച്ചതുപോലെ ഇവിടുത്തെ അന്തർജ്ജനത്തെ കൊണ്ട് ഒന്ന് ചെയ്യിക്കുക, താൻ കാണട്ടെ എന്ന് അഗ്നിഹോത്രിയോട് പറഞ്ഞു. ഉടനെ അഗ്നിഹോത്രി അന്തർജ്ജനത്തെ വിളിച്ച് രണ്ടര ഇങ്ങിഴി നെല്ലെടുത്തു കുത്തി അരിയാക്കി വച്ചുകൊണ്ടുവരാൻ പറഞ്ഞു. അതുകേട്ട് അന്തർജ്ജനം ഇവിടെ അരി ഇരിക്കുന്നുണ്ടല്ലോ. പിന്നെ



എന്തിനാണ് നെല്ലു കുത്തുന്നത്? എന്നു ചോദിച്ചു. ഭർത്താവിനു നിർബന്ധം കലശലായപ്പോൾ അവർ മനസ്സില്ലാമനസ്സോടുകൂടി അരിവച്ചുകൊണ്ടുവന്നു. ആ ചോറ് കുപ്പയിലേക്കെറിയാൻ അഗ്നിഹോത്രി ആജ്ഞാപിച്ചു. അവൾ ആദ്യം പിറുപിറുത്തെങ്കിലും ഭർത്താവിന്റെ നിർബന്ധം കലശലായപ്പോൾ അതനുസരിച്ചു. വീണ്ടും രണ്ടരയിടങ്ങഴി നെല്ലു കുത്തി അരിയാക്കി ചോറുവച്ചു കൊണ്ടുവരുവാൻ അഗ്നിഹോത്രി ആവശ്യപ്പെട്ടു. അവൾ വായിൽവന്ന എല്ലാ അസഭ്യങ്ങളും പറഞ്ഞശേഷം ഇല്ലത്തിനുള്ളിൽ തലയൊളിച്ചു. അഗ്നിഹോത്രി പിന്നെ നിർബന്ധപൂർവ്വം വളരെ വിളിച്ചിട്ടും അന്തർജ്ജനം പുറത്തുവന്നില്ല. ചണ്ഡാലസ്ത്രീക്കാണ് കൂടുതൽ ഭർത്തൃഭക്തിയെന്നുള്ള തത്ത്വം അഗ്നിഹോത്രിയെ ബോദ്ധ്യപ്പെടുത്തിയശേഷം പാക്കനാർ തിരികെപ്പോയി.

- ⁜ സമാനകഥ പറഞ്ഞതിനുശേഷം പാഠഭാഗത്തേയ്ക്ക് കടക്കാം.
- ⁜ ആളെക്കൊല്ലി എന്ന ശീർഷകത്തിന്റെ ആശയതലം കുട്ടികൾ കണ്ടെത്തട്ടെ. കഥയുമായി ബന്ധപ്പെടുത്തി ആശയം കണ്ടെത്തുക.
- ⁜ പാഠഭാഗത്തെ അടിസ്ഥാനമാക്കി കുട്ടികൾ നാടകം തയ്യാറാക്കി അവതരിപ്പിക്കട്ടെ.
- ⁜ കുട്ടികൾ അന്വേഷിച്ച് കണ്ടെത്തട്ടെ.
- ⁜ വരരുചിയുടെ കഥ.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

⁜ **വിപരീതപദങ്ങൾ:**

- ശ്രദ്ധ x അശ്രദ്ധ
- രഹസ്യം x പരസ്യം

- യഥാർത്ഥം x അയാഥാർത്ഥം
- ആദരവ് x അനാദരവ്

※ **പര്യായപദങ്ങൾ**:

- സ്വർണ്ണം : കനകം, കാഞ്ചനം, ഹേമം
- വഴി : പാത, രഥ്യ, വീഥി
- യാത്ര : യാനം, സവാരി, സഞ്ചാരം
- ഭാര്യ : പത്നി, കാന്ത, സഹധർമ്മിണി

※ **പിരിച്ചെഴുതുക**:

- ആളെക്കൊല്ലി ⟶ ആളെ + കൊല്ലി
- വിഷക്കായ ⟶ വിഷ + കായ

※ **ചേർത്തെഴുതുക**:

- പൊതി + ചോറ് ⟶ പൊതിച്ചോറ്
- രഹസ്യം + ആയി ⟶ രഹസ്യമായി

※ **പകരം പദം**:

- കുംഭം ⟶ കുടം
- കനകം ⟶ സ്വർണ്ണം
- ചങ്ങാതിമാർ ⟶ കൂട്ടുകാർ, സുഹൃത്തുക്കൾ

※ **നാനാർത്ഥം**:

- കുംഭം ⟶ കുടം, ഒരു മലയാളമാസം

※ **കണ്ടെത്താം; പഠിക്കാം**:

- പറയിപെറ്റ പന്തിരുകുലത്തിലെ കഥകൾ കണ്ടെത്തുക.
- പന്തിരുകുലത്തിലെ ദിവ്യൻമാരെ കണ്ടെത്തുക.
- ആമുഖം, കഥ എന്നിവ നോക്കുക.



※ **അടിക്കുറിപ്പ്**:

മുൻപാഠങ്ങളിൽ നോക്കുക.

- അത്യാഗ്രഹത്തിന്റെ ഫലം
- കൂട്ടുകാരനെ ചതിച്ചതിന്റെ ഫലം

※ **ഉത്തരങ്ങൾ**:

1. പാക്കനാരാണ് ആളെക്കൊല്ലി, ആളെക്കൊല്ലി എന്നു വിളിച്ചുപറഞ്ഞത്.
2. സ്വർണം മുഴുവൻ ഒറ്റയ്ക്കു സ്വന്തമാക്കണമെന്നതായിരുന്നു യഥാർത്ഥത്തിൽ സുഹൃത്തുക്കളുടെ ഉള്ളിലിരുപ്പ്.
3. പറയിപെറ്റ പന്തിരുകുലത്തിലെ പാക്കനാരുടെ ഭാര്യയാണ് തേയി. പണം ആളെകൊല്ലിയാണെന്നാണ് തേയിക്ക് മനസ്സിലായത്.

## അഭ്യാസപുസ്തകം

※ **ശരിയേത്?**:

- ആദരവ്
- യഥാർത്ഥം
- ഭക്ഷിക്കാം

※ **ചില്ലക്ഷരങ്ങൾ**:

ൺ, ൻ, ർ, ൽ, ൾ

- തനിയെ നിൽക്കുന്ന/സ്വയം ഉച്ചരിക്കാൻ കഴിയുന്ന വ്യഞ്ജനങ്ങളാണ് ചില്ലക്ഷരങ്ങൾ.

※ **വ്യഞ്ജനാക്ഷരങ്ങൾ**:

| | |
|---|---|
| 'ക' വർഗ്ഗം | യ ര ല |
| 'ച' വർഗ്ഗം | വ ള ഴ |
| 'ട' വർഗ്ഗം | റ ശ ഷ |
| 'ത' വർഗ്ഗം | സ ഹ |
| 'പ' വർഗ്ഗം | |

⟶ സ്വരത്തിന്റെ സഹായത്തോടെ ഉച്ചരിക്കുന്നു.

※ **കൂട്ടക്ഷരങ്ങൾ**:

- രണ്ടോ അതിലധികമോ വ്യഞ്ജനങ്ങൾ ചേർന്നുവരുന്ന അക്ഷരം. ഉദാ: ക്ഷ, പ്പ, ത്ഥ, .........

## പാഠം 13 അമ്മുവിന്റെ യാത്ര

### പഠനലക്ഷ്യങ്ങൾ

※ ലഘുക്കുറിപ്പുകൾ/വിവരണങ്ങൾ തയ്യാറാക്കുന്നു.

※ യാത്രാനുഭവം വിശദമാക്കുന്നു.

※ വാർത്ത/ഡയറി/കത്ത് തയ്യാറാക്കുന്നു.

※ അനുഭവക്കുറിപ്പുകൾ തയ്യാറാക്കുന്നു.

※ വിനോദയാത്രാനുഭവം വായനയിലൂടെ ആസ്വദിക്കുന്നു.

※ സന്ദർശിച്ച പ്രധാനസ്ഥലങ്ങൾ, അവയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.

### ആമുഖം

※ വീട്ടിൽനിന്നും വിദ്യാലയത്തിലേക്കുവരുമ്പോൾ കണ്ട കാഴ്ചകൾ എന്തെല്ലാം? വിദ്യാലയത്തിലേക്കുള്ള യാത്രയുടെ പ്രത്യേകതകൾ എന്തെല്ലാം?

കുട്ടികൾ ഓരോരുത്തരും പറയട്ടെ.

※ ഇങ്ങനെ നിങ്ങൾ നടത്തിയ യാത്രയെക്കുറിച്ചുള്ള വിവരണമാണ് യാത്രാവിവരണം.

### പഠനപ്രവർത്തനങ്ങൾ

#### പാഠപുസ്തകം

※ **സമാനപദങ്ങൾ**:

- തോന്നൽ = പ്രതീതി
- ആഹാരം = ഭക്ഷണം
- കീഴിൽ = ചുവട്ടിൽ
- ആരണ്യം = കാട്



- കൂട്ടം = സംഘം
- ഗിരി = പർവ്വതം

※ **ഒറ്റപദം**:

- വനത്തിന്റെ ഭംഗി : വനഭംഗി
- ലഘുവായ ഭക്ഷണം : ലഘുഭക്ഷണം
- വന്യമൃഗങ്ങളെ സംരക്ഷിക്കുന്ന കേന്ദ്രം : വന്യമൃഗസംരക്ഷണകേന്ദ്രം
- വിനോദത്തിനുവേണ്ടിയുള്ള യാത്ര : വിനോദയാത്ര

※ **പിരിച്ചെഴുതുക**:

- അവധിക്കാലം → അവധി + കാലം
- അകലെയായി → അകലെ + ആയി


※ **ശരിയേത്?**:

- ഉത്ഭവം
- ആസ്വദിച്ചു

※ **അനുഭവക്കുറിപ്പ് തയ്യാറാക്കുക**:

- ആമുഖം വായിക്കുക.

※ **പദസൂര്യൻ**:




※ **ഉത്തരങ്ങൾ**:

1. തേക്കടിയിലേക്കായിരുന്നു അമ്മുവിന്റെയും കുടുംബത്തിന്റെയും അവധിക്കാലയാത്ര.
2. സഹ്യപർവ്വത്തിൽനിന്നാണ് പെരിയാർ ഉത്ഭവിക്കുന്നത്.

3. അമ്മു വിനോദയാത്രയിൽ കണ്ട കാഴ്ചകൾ:

- വനഭംഗി
- പൂത്തുലഞ്ഞ വൃക്ഷങ്ങൾ
- പലതരം കിളികൾ
- പെരിയാർ തടാകം
- ആനകളുടെ സംഘം വെള്ളം കുടിക്കുന്ന കാഴ്ച

4. കേരളത്തിലെ പ്രധാപ്പെട്ട വന്യമൃഗസംരക്ഷണകേന്ദ്രമാണ് തേക്കടി.

✳ **ശരിയായവ യോജിപ്പിക്കുക:**

- വന്യമൃഗസംരക്ഷണകേന്ദ്രം : തേക്കടി
- സഹ്യപർവ്വതം : പെരിയാർ
- തടാകതീരം : വനഭംഗി
- മരച്ചുവട് : ലഘുഭക്ഷണം

✳ **യാത്രാവിവരണം:**

- യാത്ര പുറപ്പെട്ട ദിവസം
- യാത്രയ്ക്കു തെരഞ്ഞെടുത്ത സ്ഥലം
- യാത്രയുടെ രീതി
- യാത്രയിൽ കൂടെ ചേർന്നവർ
- സന്ദർശിച്ച സ്ഥലങ്ങൾ
- കണ്ട കാഴ്ചകൾ, അനുഭവങ്ങൾ
- തിരിച്ചെത്തിയ ദിവസം, സമയം
- വായനക്കാരനു നൽകാനുള്ള സന്ദേശം

ഇവയെല്ലാം ഉൾപ്പെടുത്തണം.

**അഭ്യാസപുസ്തകം**

✳ **ഒറ്റവാക്കിൽ ഉത്തരം:**

- തേക്കടി
- തേക്കടി



- സഹ്യപർവ്വത്തിൽനിന്ന്
- തേക്കടി

✳ **പര്യായപദം:**

- യാത്ര : യാനം, സവാരി, സഞ്ചാരം

✳ **ശരിയേത്?:**

- ഉത്ഭവം
- ആസ്വദിച്ചു

## പാഠം 14 **വിദ്യതന്നെ മഹാധനം**

### പഠനലക്ഷ്യങ്ങൾ

✳ കവിതയുടെ താളം, ഈണം കണ്ടെത്തുക.
✳ കവിതകൾ ആസ്വദിക്കുക.
✳ ആശയം, ലഘുവിവരണം തയ്യാറാക്കുക.
✳ സ്വന്തമായി കവിതകൾ എഴുതുക.
✳ ആശയഭംഗി വിശദമാക്കുക.
✳ അറിവിന്റെ മഹത്വം മനസ്സിലാക്കുന്നു.
✳ ഉള്ളൂർ - ഉജ്ജ്വലശബ്ദാഢ്യൻ - കവിപരിചയം
✳ നൂതനപദങ്ങൾ - അർത്ഥം തിരിച്ചറിയുന്നു.

### ആമുഖം

✳ ആധുനിക മഹാത്രയത്തിലെ പ്രമുഖകവിയാണ് ഉള്ളൂർ എസ്. പരമേശ്വരയ്യർ.
✳ ഉജ്ജ്വലശബ്ദാഢ്യൻ എന്നറിയപ്പെടുന്നു.
✳ 'വിദ്യതന്നെ മഹാധനം' എന്ന ശീർഷകത്തിന്റെ ആശയം കണ്ടെത്താൻ കുട്ടികളോട് നിർദ്ദേശിക്കാം.
✳ 'വിദ്യാധനം സർവ്വധനാൽ പ്രധാനം' ആശയം കണ്ടെത്തി ലേഖനരൂപത്തിൽ/പ്രസംഗരൂപത്തിൽ അവതരിപ്പിക്കാൻ കുട്ടികളോട് പറയാം.

* 'ജ്ഞാനമാണ് ശക്തി'
* നന്നായി അവതരിപ്പിച്ച കുട്ടികളെ/സംഘത്തെ അഭിനന്ദിക്കുക.
* ശേഷം ഉള്ളൂരിന്റെ കവിത കുട്ടികൾക്ക് പരിചയപ്പെടുത്തുക. കവിത ചാർട്ടിൽ ഇടുക. കുട്ടികൾ ഈണം കണ്ടെത്തട്ടെ. ആശയം കണ്ടെത്താൻ അധ്യാപിക സഹായിക്കണം.

### ആശയം

* വിദ്യ കൈവശമുണ്ടെങ്കിൽ വിത്തം (ധനം) മനുഷ്യനാവശ്യമില്ല. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നു പറയുന്നതിന്റെ ആശയവും സമാനമാണ്. ലോകത്തിൽ ഏറ്റവും മഹത്തായ ധനം വിദ്യയാണ്.
* സ്വർണ്ണം, പണം, സമ്പത്ത് എന്നിവ നശിക്കുന്നു.
* കള്ളൻമാർ മോഷ്ടിച്ചുകൊണ്ടുപോകുന്നു.
* മറ്റുള്ളവർക്ക് കൊടുക്കാമെന്നുവച്ചാൽ ധനം കുറഞ്ഞുപോകുന്നു.
* എന്നാൽ വിദ്യാധനം മോഷ്ടിക്കുവാൻ ഒരു കള്ളനും സാധിക്കുകയില്ല. മറ്റുള്ളവർക്കു കൊടുക്കുന്തോറും വർധിക്കുന്നു. ഇതാണ് വിദ്യയുടെ മഹത്വം ഒരാൾ മരിച്ചാലും അയാളിലെ അറിവ്/വിദ്യ മറ്റുള്ളവരിലൂടെ നിലനിൽക്കും. ഏറ്റവും ശ്രേഷ്ഠമായ ധനം വിദ്യയാണ്.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **സമാനപദങ്ങൾ**:
  * സൂര്യൻ = അംശുമാൻ
  * യുദ്ധം = അടർ
  * മനുഷ്യൻ = മർത്ത്യൻ, നരൻ
  * ഗുരു = ആശാൻ



  * ഭൂമി = വിശ്വംഭര
  * രാവിലെ = പുലർവേള
* **പിരിച്ചെഴുതുക**:
  * അകക്കണ്ണ് → അക + കണ്ണ്
  * വിത്തമെന്തിന് → വിത്തം + എന്തിന്
* **ചേർത്തെഴുതുക**:
  * ബാല്യത്തിൽ + എത്തണം → ബാല്യത്തിലെത്തണം
  * വെണ്ണ + ഉണ്ടെങ്കിൽ → വെണ്ണയുണ്ടെങ്കിൽ
* **ആശയം വിശദീകരിക്കുക**:
  * ആമുഖം, ആശയം എന്നിവ നോക്കുക.
* **ഉത്തരങ്ങൾ**:
  1. സൂര്യൻ പുലർവേളയിൽ പുറംകണ്ണു തുറപ്പിക്കുന്നു.
  2. ബാല്യത്തിൽ ആശാൻ നമ്മുടെ അകകണ്ണ് തുറപ്പിച്ചു തരുന്നു.
  3. • പുലർവേളയിൽ പുറംകണ്ണുതുറപ്പിക്കാൻ അതായത് രാത്രിയിലെ ഇരുട്ടിനെ അകറ്റി പ്രകാശപൂർണ്ണമാക്കാൻ സൂര്യൻ എത്തുന്നു.

     • ആശാൻ അജ്ഞാനമാകുന്ന ഇരുട്ടിനെമാറ്റി അറിവിന്റെ വെളിച്ചം പകരാൻ അകകണ്ണ് തുറപ്പിക്കുന്നു.
  4. ആമുഖം, ആശയം എന്നിവ നോക്കുക.

### അഭ്യാസപുസ്തകം

* **ശരിയേത്?**:
  * മഹാധനം
* **ഒറ്റവാക്കിൽ ഉത്തരം**:
  * ആശാൻ/ഗുരു
  * വിദ്യ/അറിവ്

- സൂര്യൻ/അംശുമാൻ
- ഉള്ളൂർ എസ്. പരമേശ്വരയ്യർ

### ആധുനിക കവിത്രയം

| 1 | 2 | 3 |
|---|---|---|
| കുമാരനാശാൻ | ഉള്ളൂർ | വള്ളത്തോൾ |
| ↓ | ↓ | ↓ |
| ആശയഗംഭീരൻ | ഉജ്ജ്വലശബ്ദാഢ്യൻ | ശബ്ദസുന്ദരൻ |

## പാഠം 15 കാനായിലെ കല്യാണം

### പഠനലക്ഷ്യങ്ങൾ

- ⁂ കഥകൾ വായിക്കുക, ആസ്വദിക്കുക.
- ⁂ ആശയം ഗ്രഹിക്കുക, പങ്കുവയ്ക്കുക.
- ⁂ ജീവചരിത്രം/ആത്മകഥ മനസ്സിലാക്കുക.
- ⁂ ജീവചരിത്രകഥകൾ ഉൾക്കൊള്ളുക.
- ⁂ സംഭാഷണരൂപം/നാടകരൂപം എന്നിവയിലേക്ക് കഥാഭാഗത്തെ മാറ്റുക.
- ⁂ ബൈബിൾ കഥകൾ അറിയുന്നു.

### ആമുഖം

- ⁂ നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണം എന്നു പറഞ്ഞതാര്?
- ⁂ ലോകത്തിനുവേണ്ടി ക്രൂശിലേറ്റപ്പെട്ട മഹാൻ ആര്? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കുട്ടികൾ ശ്രമിക്കട്ടെ.
- ⁂ യേശുദേവനെ കുട്ടികൾക്കറിയാം. യേശുദേവനെക്കുറിച്ച് കുട്ടികൾക്ക് എന്തെല്ലാം അറിയാം?
- ⁂ ക്ലാസ്സിൽ കുട്ടികൾ അവർക്കറിയാവുന്ന കഥകൾ



പങ്കുവയ്ക്കട്ടെ. ശേഷം പാഠഭാഗത്തേയ്ക്ക് കടക്കാം. പാഠഭാഗം കുട്ടികൾ മൗനമായി വായിക്കട്ടെ. അധ്യാപികയുടെ സഹായത്തോടെ ശ്രാവ്യവായന നടത്തി കഥ കുട്ടികൾ സ്വയം മനസ്സിലാക്കട്ടെ.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

⁂ **സമാനപദങ്ങൾ**:

- ഉത്സവം = പൂരം
- ഭയം = പരിഭ്രമം
- സന്തോഷം = ആഹ്ളാദം
- മാതാവ് = അമ്മ
- ദുഃഖം = വിഷമം
- ആഹാരം = ഭക്ഷണം

⁂ **പിരിച്ചെഴുതുക**:

- മടങ്ങിപ്പോയി → മടങ്ങി + പോയി
- മധുരമുള്ള → മധുരം + ഉള്ള

⁂ **ചേർത്തെഴുതുക**:

- കാലി + ആകാറായി → കാലിയാകാറായി
- മുന്തിരി + ചാറ് → മുന്തിരിച്ചാറ്

⁂ **വാക്യരചന**:

- കളിയിൽ തോറ്റതിന്റെ നാണക്കേടിൽനിന്ന് രക്ഷപ്പെടാൻ അവൻ കരഞ്ഞു.
- കൂട്ടുകാർ പറഞ്ഞ അപവാദംകേട്ട് അവൻ നാണക്കേടുകൊണ്ട് നാടുവിട്ടു.
- എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള കഴിവ് എല്ലാവർക്കുമില്ല.

⁂ **ഒറ്റപദം**:

- മുന്തിരിച്ചാറ്
- കുടുംബനാഥൻ

- സ്രഷ്ടാവ്
- ദൈവരാജ്യം

✳ **ശരിയേത്?**:

- സ്രഷ്ടാവ്

✳ **മാതൃകപോലെ എഴുതുക**:

- കണ്ടു → കണ്ടിരുന്നു
- എത്തി → എത്തിയിരുന്നു
- നിന്നു → നിന്നിരുന്നു
- പെരുകി → പെരുകിയിരുന്നു
- തുളുമ്പി → തുളുമ്പിയിരുന്നു

✳ **ഒറ്റവാക്കിൽ ഉത്തരം**:

- മറിയം
- ഗലീലി
- മറിയം

✳ **ഉചിതമായവ യോജിപ്പിക്കുക**:

- കൽഭരണികൾ → കാലിയാകാറായി
- അതിഥികൾ → പെരുകിവന്നു
- വിരുന്ന് → പൊടിപൂരമായി
- കാതിൽ → മന്ത്രിച്ചു

✳ **പദങ്ങൾ**:

- ന്ത → പന്ത്, ചന്തം, പന്തം, കുന്തം, പന്തയം
- ത്ത → തത്ത, പത്ത്, ചിത്തം, മുത്തം, കത്ത്

✳ **ഉത്തരങ്ങൾ**:

1. വിരുന്നിനുവേണ്ട മുന്തിരിച്ചാറ്/വീഞ്ഞ് തീരാറായിരിക്കുന്നു.
2. 'വീട്ടുകാരൻ വിഷമത്തിലാണ് വീഞ്ഞ് തീരാറായി' എന്നാണ് മറിയം യേശുദേവനോടു പറഞ്ഞത്.



3. പച്ചവെള്ളം നിറച്ച ഭരണികളുടെ മുമ്പിൽ നിന്ന യേശുദേവൻ സ്വർഗ്ഗസ്ഥനായ പിതാവിനോടു പ്രാർത്ഥിച്ചിട്ട് ഭരണികളിലേക്ക് നോക്കി. പെട്ടെന്ന് ജലം തുടുത്തു മധുരമുള്ള മുന്തിരിച്ചാറായി മാറി.
4. കാനാ എന്ന സ്ഥലത്താണ് വിവാഹവിരുന്ന് നടന്നത്.

## അഭ്യാസപുസ്തകം

✳ **സംഭാഷണം**:

നമ്മുടെ ഉള്ളിലുള്ള ആശയം അന്യരെ അറിയിക്കുന്നതിനുള്ള പ്രധാന ഉപാധിയാണ് സംഭാഷണം.

1. രണ്ടുപേർ തമ്മിൽ നേരിട്ടുസംസാരിക്കുന്നതാണ് സാക്ഷാൽ സംഭാഷണം. (അഭികഥനം) (Direct Speeech)
2. സാക്ഷാൽ സംഭാഷണം മറ്റൊരാൾ പറയുന്ന രീതിയിൽ അവതരിപ്പിക്കുന്നതാണ് അനുകഥനം. (Indirect Speeech)

✳ **ശരിയേത്?**:

- ഗൃഹനാഥൻ
- അതിഥി
- വിഭവം
- സ്രഷ്ടാവ്

✳ **പര്യായപദങ്ങൾ**:

- മാതാവ് : അമ്മ, ജനനി, തായ
- ഗൃഹം : ഭവനം, വീട്, ആലയം

✳ **ശീർഷകം**:

- ഉചിതമായ തലക്കെട്ട് കുട്ടികൾ കണ്ടെത്തട്ടെ. കുട്ടികളുടെ ചിന്താശേഷി വളർത്താൻ ഉപകരിക്കുന്ന പ്രവർത്തനമാണിത്. ശീർഷകം അർത്ഥപൂർണമായിരിക്കണം, ഹ്രസ്വമായിരിക്കണം, ലളിതമായിരിക്കണം.

## പാഠം 16 എല്ലാം ഒന്നുതന്നെ

### പഠനലക്ഷ്യങ്ങൾ

- ✳ കവിതയുടെ ഈണവും താളവും കണ്ടെത്തുന്നു.
- ✳ കവിതയുടെ ആശയം ഗ്രഹിക്കുന്നു.
- ✳ കവിത ആസ്വദിക്കുന്നു.
- ✳ സ്വന്തമായി കവിതകൾ രചിക്കുന്നു.
- ✳ കവിത ഈണത്തിൽ ചൊല്ലുന്നു.
- ✳ നാനാത്വത്തിൽ ഏകത്വം തിരിച്ചറിയുന്നു.
- ✳ എസ്സ്. രമേശൻനായരെ അറിയുന്നു.

### ആമുഖം

- ✳ കുട്ടികൾക്ക് നമ്മളൊന്ന്/എല്ലാമൊന്ന് എന്ന ആശയം മനസ്സിലാക്കി കൊടുക്കണം.
- ✳ കുട്ടികളിൽനിന്നും കുറച്ചുപേരെ മുൻപിൽ നിർത്തുക.
- ✳ എന്തെല്ലാം വ്യത്യസ്തതകൾ ആണ് കണ്ടെത്തുക?
- ✳ എന്തെല്ലാം സാമ്യങ്ങൾ ആണ് കണ്ടെത്തുക?
  - ആകൃതി പലതരം
  - നിറം പലതരം
  - സ്ഥലം പലതരം
  - ജീവിതരീതി പലതരം
  - ആചാരങ്ങൾ - വിശ്വാസങ്ങൾ പലതരം
  - ഇഷ്ടങ്ങൾ - അനിഷ്ടങ്ങൾ പലതരം
- ✳ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും എല്ലാവരും ഒന്നാണ്.
- ✳ എസ്സ്. രമേശൻനായരുടെ എല്ലാം ഒന്നുതന്നെ എന്ന കവിത ഉറക്കെ ചൊല്ലി അതിന്റെ ആശയം കണ്ടെത്തട്ടെ.



### ആശയം

- ✳ ആയിരം പക്ഷികൾ പാടിപറന്നാലും ആകാശം ഒന്നു തന്നെയാണ്.
- ✳ ആയിരം പുഷ്പങ്ങൾ വിടർന്നുനിന്നാലും ഉദ്യാനം ഒന്നുതന്നെയാണ്.
- ✳ അനവധി തിരമാലകൾ ഒരുമിച്ച് അലറി ഉയർന്നാലും അലകടൽ ഒന്നുതന്നെയാണ്.
- ✳ ആയിരക്കണക്കിന് വൃക്ഷങ്ങൾ ഇടതിങ്ങിനിന്നാലും കാട് ഒന്നുതന്നെയാണ്.
- ✳ ആയിരം രാഗങ്ങൾ പാടിയാലും വിശ്വഗായകൻ ഒന്നുതന്നെ/ഒരാൾ മാത്രം ആണ്.
- ✳ നാനാത്വത്തിലെ ഏകത്വമാണ് കവിതയിൽ പ്രതിപാദിച്ചിരിക്കുന്നത്.
- ✳ മനുഷ്യരെല്ലാം ഒന്നായി നിൽക്കണമെന്നാണ് കവി ആഗ്രഹിക്കുന്നത്.

### സമാനാശയം വരുന്ന വഴികൾ

- ✳ 'ഒന്നായാൽ നന്നായി
  നന്നായാൽ ഒന്നായി' :**കുഞ്ഞുണ്ണിമാഷ്**
- ✳ 'ഒറ്റയ്ക്കു വന്നു ജനിക്കുമെന്നാകിലും നാ-
  മൊറ്റയല്ലൊറ്റയല്ലൊറ്റയല്ല' :**മുല്ലനേഴി**
- ✳ 'ഒരു ജാതി ഒരു മതം ഒരു ദൈവം
  മനുഷ്യന്' :**ശ്രീനാരായണഗുരു**

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

- ✳ **വരികൾ കണ്ടെത്തുക**:
  - ആകാശം ഒന്നുമാത്രം എന്നു സൂചിപ്പിക്കുന്ന വരികൾ:

ആയിരം പക്ഷികൾ പാടിപ്പറന്നാലു-
മാകാശമൊന്നുതന്നെ!

- സാഗരത്തിന്റെ ഒരുമ സൂചിപ്പിക്കുന്ന വരികൾ:

തിരക ഇനവധി ഗർജിച്ചുയർന്നാലു-
മലകടലൊന്നുതന്നെ.

- പൂവുകൾ പലതാണെങ്കിലും പൂന്തോട്ടം ഒന്നാണ് എന്നു പറയുന്ന വരികൾ:

പുഷ്പങ്ങളായിരം പൂത്തുവിടർന്നാലു-
മുദ്യാനമൊന്നുതന്നെ!

⁂ **'നാനാത്വത്തിൽ ഏകത്വം' വിവരിക്കുക**:

- സമൂഹജീവിയായ മനുഷ്യൻ രൂപത്തിലും സ്വഭാവത്തിലും വ്യത്യസ്തനാണ്. എങ്കിലും മനുഷ്യൻ എല്ലാവരും ഒന്നാണ്. അവന്റെ ജീവിതവിജയത്തിന് രാജ്യത്തിന്റെ പുരോഗതിക്ക് ഒരുമിച്ച് ഏകതാബോധത്തോടെ നിൽക്കണം.
- ഭാഷാ, വേഷം, ആചാരം, അനുഷ്ഠാനം, ഭക്ഷണരീതി എന്നിവയിലെല്ലാം ഭാരതത്തിലെ ജനങ്ങൾ വ്യത്യസ്ഥരാണ്. എങ്കിലും ദേശീയപതാകയായ മൂവർണ്ണക്കൊടിയുടെ കീഴിൽ നാം എല്ലാം ഭാരതീയരാണെന്ന ബോധം നമ്മെ ഏകത്വത്തിലേക്ക് നയിക്കുന്നു.
- 'പലഭാഷകൾ പറയുന്ന നമ്മൾ
പല പല വേഷങ്ങളണിയുന്നു
പലജാതിക്കാർ നമ്മൾ പലമതക്കാർ
പക്ഷേ - പലതിലും വലുതായിന്ത്യക്കാർ.'

## അഭ്യാസപുസ്തകം

⁂ **പര്യായപദങ്ങൾ**:

- പുഷ്പം : സുമം, താര്, കുസുമം



⁂ **കഥ തയ്യാറാക്കാം**:

- കുട്ടികൾ അവരുടെ ഭാവനയ്ക്കനുസരിച്ച് കഥ തയ്യാറാക്കട്ടെ.
- കഥയ്ക്ക് ഉചിതമായ ശീർഷകം ഉണ്ടായിരിക്കണം.

⁂ **പഴഞ്ചൊല്ലുകൾ**:

- ഒത്തുപിടിച്ചാൽ മലയും പോരും.
- ഒരുമ തന്നെ പെരുമ.
- ഐകമത്യം മഹാബലം.
- പലതുള്ളി പെരുവെള്ളം.

# പാഠം 17 അപ്പുവിന്റെ സ്നേഹം

### പഠനലക്ഷ്യങ്ങൾ

⁂ കഥകൾ കേൾക്കുക, ആസ്വദിക്കുക.
⁂ കഥ അവതരിപ്പിക്കുക.
⁂ സൂചനകളിൽനിന്നും സ്വയം കഥ വികസിപ്പിക്കുക.
⁂ മരം ഒരു വരം - മരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു.
⁂ പോസ്റ്ററുകൾ/ലഘുവിവരണങ്ങൾ തയ്യാറാക്കുന്നു.
⁂ സംഭാഷണം/നാടകം തയ്യാറാക്കുന്നു.
⁂ പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.

### ആമുഖം

കഥ കേൾക്കുവാനും പറയുവാനും കുട്ടികൾക്കിഷ്ടമാണ്. തന്നിരിക്കുന്ന സൂചനകളിൽനിന്നും കഥ സൃഷ്ടിച്ചെടുക്കുവാൻ കുട്ടികൾക്ക് കഴിയും. അധ്യാപിക ചിത്രം ബോർഡിൽ വരയ്ക്കുകയോ, ചാർട്ടിലിടുകയോ ചെയ്യണം.

കുട്ടികൾ അവരുടെ ഭാവനയ്ക്കനുസരിച്ച് കഥ/വാക്യങ്ങൾ/കവിത ഉണ്ടാക്കട്ടെ.

- ഭൂമിയുടെ അവസ്ഥയ്ക്കുള്ള കാരണങ്ങൾ.
- മരത്തിന്റെ പ്രാധാന്യം കുട്ടികൾ പറയട്ടെ.
- ആഗോളതാപനത്തിന്റെ കാരണങ്ങൾ.
- പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യം.
- മറ്റുജീവജാലങ്ങളുടെ ദുഃഖം.
- മരം ഒരു വരം.

പ്രകൃതി മനുഷ്യന് നൽകിയ അനുഗ്രഹം. നാം ശ്വസിക്കുന്ന പ്രാണവായു മരങ്ങളാണ് നൽകുന്നത്.

പത്തു കിണറുകൾക്ക് സമം ഒരു കുളം.
പത്തു കുളങ്ങൾക്ക് സമം ഒരു തടാകം.
പത്തു തടാകങ്ങൾക്ക് സമം ഒരു പുത്രൻ.
പത്തു പുത്രൻമാർക്ക് സമം ഒരു വൃക്ഷം.

മരത്തിന്റെ പ്രാധാന്യം കുട്ടികൾ തിരിച്ചറിയണം. മരങ്ങളെ സ്നേഹിക്കാനും പരിപാലിക്കാനും അവർ തയ്യാറാകണം. ശേഷം പാഠഭാഗത്തേയ്ക്ക് കടക്കാം.

- അപ്പുവിന്റെ സ്ഥാനത്ത് കുട്ടികൾ ആയിരുന്നെങ്കിൽ മുത്തശ്ശിമാവിനെ രക്ഷിക്കാൻ/സംരക്ഷിക്കാൻ എന്തു ചെയ്യുമായിരുന്നു എന്നു ചോദിക്കാം?

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

※ **പഴഞ്ചൊല്ലുകൾ**:

- മരം ഒരു വരം.
- പത്തുപുത്രൻമാർക്കു സമമൊരു വൃക്ഷം.
- മരമില്ലാതെ നാമില്ല



- പ്രാണവായു വേണോ? മരം വേണം.
- മനുഷ്യന്റെ നിലനിൽപ്പിന് മരങ്ങളെ ആശ്രയിക്കണം.
- മരമില്ലാതെ മഴയില്ല.
- മനുഷ്യനും വൃക്ഷവും പരസ്പരം പൂരകമാണ്.

※ **പോസ്റ്റർ/വിവരണം**:

- ആമുഖം, പാഠപുസ്തകം എന്നിവ നോക്കുക.

### അഭ്യാസപുസ്തകം

※ **മരങ്ങളെ തിരിച്ചറിയുക**:

| | | |
|---|---|---|
| 1. തെങ്ങ് | 2. പേരാൽ | 3. റബർ |
| 4. കൊന്ന | 5. മാവ് | 6. പ്ലാവ് |

## പാഠം 18 മധുരം മലയാളം

### പഠനലക്ഷ്യങ്ങൾ


※ കവിതയ്ക്ക് ഈണവും താളവും കണ്ടെത്തുക.
※ ഈണത്തിൽ ചൊല്ലുക.
※ ആശയം മനസ്സിലാക്കുക.
※ മാതൃഭാഷയുടെ പ്രാധാന്യം തിരിച്ചറിയുക.
※ മലയാളത്തിലെ പ്രമുഖകവികളെ അറിയുക.
※ മാതൃഭാഷാസ്നേഹം വളരുക.
※ ലഘുജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

### ആമുഖം

- മലയാളം നമ്മുടെ മാതൃഭാഷ ആണ്.
- മലയാളം മധുരമാണ് എന്നു പറയുന്നതെന്തുകൊണ്ട്?

- മലയാളത്തിലെ പ്രമുഖകവികൾ ആരെല്ലാം?

ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ.




## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✳ **ഒറ്റവാക്കിൽ ഉത്തരം:**


- മലയാളഭാഷയുടെ പിതാവ്: എഴുത്തച്ഛൻ
- തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്: കുഞ്ചൻനമ്പ്യാർ
- ആശയഗംഭീരൻ എന്നറിയപ്പെടുന്ന കവി: കുമാരനാശാൻ
- ജ്ഞാനപീഠം ലഭിച്ച മലയാളത്തിന്റെ പ്രിയകവി: ഒ.എൻ.വി. കുറുപ്പ്
- രമണൻ എന്ന വിലാപകാവ്യത്തിന്റെ കർത്താവ്: ചങ്ങമ്പുഴ



✳ **ഉചിതമായവ യോജിപ്പിക്കുക:**

- വാഴക്കുല : ചങ്ങമ്പുഴ
- വീണപൂവ് : കുമാരനാശാൻ
- കിളിപ്പാട്ട് : എഴുത്തച്ഛൻ
- ഉപ്പ് : ഒ.എൻ.വി. കുറുപ്പ്
- ഘോഷയാത്ര : കുഞ്ചൻനമ്പ്യാർ

✳ **പദസൂര്യൻ:**




✳ **പഠിക്കാം:**

- ആശാൻ : ആശയഗംഭീരൻ
- ഉള്ളൂർ : ഉജ്ജ്വലശബ്ദാഢ്യൻ
- വള്ളത്തോൾ : ശബ്ദസുന്ദരൻ

**ആധുനിക കവിത്രയം**

- കൃഷ്ണഗാഥകാരൻ : ചെറുശ്ശേരി
- മലയാളഭാഷാപിതാവ് : എഴുത്തച്ഛൻ
- തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് : കുഞ്ചൻനമ്പ്യാർ

**പ്രാചീനകവിത്രയം**

❊ **കൃതികൾ : കർത്താവ്**

- ഘോഷയാത്ര : കുഞ്ചൻനമ്പ്യാർ
- അദ്ധ്യാത്മരാമായണം : എഴുത്തച്ഛൻ
- കരുണ : ആശാൻ
- അഗ്നിശലഭങ്ങൾ : ഒ.എൻ.വി
- രമണൻ : ചങ്ങമ്പുഴ



## ❊ മാതൃകചോദ്യപേപ്പർ ❊

സമയം: 2 മണിക്കൂർ

മാർക്ക്: 50

**I. ഒറ്റവാക്കിൽ ഉത്തരം കണ്ടെത്തുക: (4)**

1. കേരളവാല്മീകി എന്നറിയപ്പെടുന്ന കവി.
2. ഇന്ത്യ സ്വതന്ത്രയായത് എന്ന്?
3. കൃഷ്ണഗാഥയുടെ കർത്താവ്.
4. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന നാട്.

**II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക: (4)**

1. ആശയഗംഭീരൻ : (കുമാരനാശാൻ/ഉള്ളൂർ)
2. കഥകളിയുടെ പൂർവ്വരൂപം : (ഇലത്താളം/രാമനാട്ടം)
3. പ്രഥമപ്രധാനമന്ത്രി : (നെഹ്റു/ഗാന്ധിജി)
4. ഐക്യമത്യം : (മഹാബലം/പൊന്നല്ല)

**III. പൂരിപ്പിക്കുക: (4)**

1. 1956 ........ ആണ് കേരളം പിറവിയെടുത്തത്.
2. പന്തിരുകുലത്തിലെ ഒരു ദിവ്യനാണ് ........
3. വിത്തമെന്തിനു മർത്ത്യനു<br>വിദ്യ കൈവശമാകുകിൽ - എന്നു പാടിയത്? ........
4. കേരളത്തിലെ പ്രധാനപ്പെട്ട വന്യമൃഗസംരക്ഷണകേന്ദ്രമാണ് ........

**IV. പൂരിപ്പിക്കുക: (8X2=16)**

1. അർത്ഥം എഴുതുക : പാരം, ഗാഥ
2. പര്യായം എഴുതുക : യാത്ര, മനുഷ്യൻ
3. എതിർലിംഗം എഴുതുക : കവി, അച്ഛൻ
4. വിപരീതം എഴുതുക : സ്വാതന്ത്ര്യം, ആദരവ്
5. ഒറ്റപദം എഴുതുക : അണിയാനുള്ള അറ

6. പിരിച്ചെഴുതുക : ഭയപ്പെടാനില്ല, വഴിയരികിൽ

7. ചേർത്തെഴുതുക : കള്ള + പറ, മര + ചുവട്

8. ശരിയേത്? : ഭക്ഷണം/ഭഷണം

**V. ഉചിതമായവ യോജിപ്പിക്കുക: (4)**

1. വാഴക്കുല : എഴുത്തച്ഛൻ
2. വീണപൂവ് : ഒ.എൻ.വി
3. ഉപ്പ് : ചങ്ങമ്പുഴ
4. കിളിപ്പാട്ട് : കുമാരനാശാൻ

**VI. ഉത്തരമെഴുതുക: (8)**

1. പച്ചവെള്ളം എങ്ങനെയാണ് മുന്തിരിച്ചാറായി മാറിയത്?
2. വിദ്യ തന്നെ മഹാധനം എന്നു പറയാൻ കാരണമെന്ത്?
3. അമ്മു വിനോദയാത്രയിൽ കണ്ട കാഴ്ചകൾ എന്തെല്ലാം?
4. ആട്ടക്കഥ എന്നാലെന്ത്?

**VII. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം തയ്യാറാക്കുക: (5)**

1. നിങ്ങളുടെ സുഹൃത്തിനെ പിറന്നാളിനു ക്ഷണിച്ചുകൊണ്ട് ഒരു കത്തെഴുതുക.
2. നിങ്ങളെ സ്വാധീനിച്ച ഒരു കവി-ലഘുക്കുറിപ്പെഴുതുക.
3. കഥകളി.

**VIII. താഴെ തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക: (5)**

കേരളസംസ്ഥാനത്തിന്റെ ഉൽപ്പത്തിയെക്കുറിച്ച് പല അഭിപ്രായങ്ങൾ പറഞ്ഞുവരുന്നു. മലകളും പുഴകളും വയലുകളും നിറഞ്ഞ അതിമനോഹരമായ നമ്മുടെ നാട് ജന്മം കൊണ്ടതിന്റെ പിന്നിൽ പരശുരാമനാണെന്ന് പറയപ്പെടുന്നു.

കേരവൃക്ഷങ്ങൾ ധാരാളം നിറഞ്ഞുനിൽക്കുന്ന നാടായതിനാൽ 'കേരം തിങ്ങും നാട് കേരളം' എന്ന പേരുണ്ടായി. 'ചേർ നിറഞ്ഞ അളം' അഥവാ 'ചെളി നിറഞ്ഞ പ്രദേശം'



ചേരളം അത് പിന്നീട് കേരളം എന്നായി എന്നും പറയപ്പെടുന്നു. 'അളം എന്നാൽ കടൽത്തീരം' എന്നാണർത്ഥം.

**ചോദ്യങ്ങൾ:**

1. കേരളം ജന്മംകൊണ്ടതിന്റെ പിന്നിൽ ആരാണുള്ളത്?
2. കേരളം അതിമനോഹരമാണെന്നു പറയാൻ കാരണം?
3. കേരം തിങ്ങും നാട് എന്നുപറയാൻ കാരണമെന്ത്?
4. അളം എന്നാൽ എന്താണർത്ഥം.
5. ഈ ഖണ്ഢികയ്ക്ക് ഉചിതമായ തലക്കെട്ട്/ശീർഷകം നൽകുക.

